**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2522** **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ കേരളത്തെ ഒരു ഹബ്ബാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ പുതിയ ജനറേറ്റീവ് എ. ഐ. നയം വ്യവസായ സംരംഭങ്ങളെ എങ്ങനെയാണ് സഹായിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'സെക്യൂർ ആൻഡ് സസ്റ്റൈനബിൾ കേരള എ.ഐ ഗവേണൻസ് പോളിസി' യുടെ കരട് രേഖയിന്മേൽ, ബന്ധപ്പെട്ട വകുപ്പുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഭേദഗതികൾ വരുത്തി അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പിൽ പുരോഗമിച്ചു വരുന്നു.<br><br>2023 ലെ കേരളാ വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള 22 മുൻഗണന മേഖലകളിൽ ഒന്നാണ് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റു ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന മേഖല.<br><br>ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ തുടങ്ങിയ മേഖലകളിൽ എ.ഐ. സാങ്കേതികവിദ്യയ്ക്ക് നിർണായക പങ്ക് വഹിക്കാൻ കഴിയും. വ്യവസായങ്ങൾ ഭാഗികമായോ പൂർണ്ണമായോ ഓട്ടോമേഷനിലേക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയ്ക്ക് നിർണായക പങ്ക് വഹിക്കാൻ കഴിയുന്നതാണ്.<br><br>എ.ഐ. മേഖലകളുടെ ഉന്നമനം ലക്ഷ്യമിട്ട് സർക്കാറിന്റ നേതൃത്വത്തിൽ കൊച്ചിയിൽ “അന്താരാഷ്ട്ര ജൻ എ.ഐ. കോൺക്ലേവ്” വിജയകരമായി സംഘടിപ്പിച്ചിരുന്നു. 200-ലധികം കമ്പനികളും സ്റ്റാർട്ടപ്പുകളും 1000-ലധികം ഡെലിഗേറ്റുകളും പങ്കാളികളാവുകയും ചെയ്തിരുന്നു. |
| (ബി) | സംസ്ഥാനത്തെ വ്യവസായ സൗഹൃദ റാങ്കിംഗ് ഉയർത്താൻ ഏകജാലക സംവിധാനത്തിൽ (കെ-സ്വിഫ്റ്റ്) വരുത്തിയ പുതിയ മാറ്റങ്ങൾ ഫലപ്രദമാണോ എന്ന് വിശദമാക്കുമോ? | (ബി) | ആണ്. കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി), സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ് റീഫോംസ് ആക്ഷൻ |

പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സിന് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ എക്സർസൈസിന്റെ ലക്ഷ്യം.

സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' 2018-ൽ കൊണ്ടുവന്നിരുന്നു. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിരുന്നു. നിലവിൽ 22 വിവിധ വകുപ്പുകളുടെ 120-ഓളം അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ളവയുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റിനെ സജ്ജമാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" നൽകുന്നു. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന് മൂന്ന് വർഷം 6 മാസം ആണ് കാലാവധി. ഈ കാലയളവിനുള്ളിൽ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. ഈ നിയമ പ്രകാരം ലഭിക്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഉപയോഗിച്ച് കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടത്തിൽ സംരംഭം തുടങ്ങുന്നതിന് സാധിക്കുന്നതാണ്. പ്രസ്തുത ഏകജാലക സംവിധാനം സംരംഭകർക്ക് ബന്ധപ്പെട്ട വകുപ്പുകളിലേക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസരം നൽകുന്നു. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള

| | | | |
|---|---|---|---|
| | | | നിയന്ത്രണങ്ങൾ ലളിതമാകുക വഴി കേരളത്തിന്റെ വ്യവസായ സൗഹൃദ റാങ്കിംഗ് ഉയർത്താൻ കെ-സ്വിഫ്റ്റിൽ വരുത്തിയ പരിഷ്കാരങ്ങൾ വളരെ ഫലപ്രദമാണ്. |

സെക്ഷൻ ഓഫീസർ